പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4244

20.03.2018-ലെ മറുപടിക്ക്

## കെ. എസ്. ആർ. ടി. സി. വാഹനങ്ങളിൽ നിന്നുള്ള പുകമലിനീകരണം

ചോദ്യം

ശ്രീ. എം.ഉമ്മർ

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ. എസ്. ആർ. ടി. സി. വാഹനങ്ങളിൽ നിന്നും നിയന്ത്രണാതീതമായ തോതിൽ പുക മലിനീകരണം ഉണ്ടാകുന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | നിയമാനുസൃതമായ പരിശോധനകളും മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റുകളും ഇല്ലാതെ കെ.എസ്.ആർ.ടി.സി ബസുകൾ സർവ്വീസ് നടത്തുന്നില്ല. |
| (ബി) | പ്രസ്തുത ബസ്സുകളുടെ പുക മലിനീകരണം പരിശോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നിലവിലുള്ള മാർഗ്ഗങ്ങൾ വിശദമാക്കാമോ; ഇവ ഫലപ്രദമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | കെ.എസ്.ആർ.ടി.സി.യിൽ എല്ലാ വാഹനങ്ങളുടെയും പുക പരിശോധന 6 മാസത്തിൽ ഒരിക്കൽ നിയമ പ്രകാരം നടത്തിവരുന്നു. പുകമലിനീകരണം കുറയ്ക്കുന്നതിനും ഇന്ധനക്ഷമത ഉയർത്തുന്നതിനുമായുള്ള ഫ്യൂവൽ മെയിന്റനൻസ് ജോലികൾ യഥാസമയം ചെയ്തുവരുന്നുമുണ്ട്. |
| (സി) | പഴക്കം ചെന്ന ബസ്സുകളുടെ പുക മലിനീകരണം പരിശോധിക്കുന്നതിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) | കേന്ദ്ര മോട്ടോർ വാഹന നിയമം 115 (7) പ്രകാരം എല്ലാ വാഹനങ്ങളും രജിസ്റ്റർ ചെയ്ത തീയതി മുതൽ ഒരു വർഷത്തിന് ശേഷവും തുടർന്ന് 6 മാസത്തിലൊരിക്കലും സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസിയിൽ പുക പരിശോധന നടത്തി Pollution under Control Certificate-മായി മാത്രമേ സർവ്വീസ് നടത്താൻ കഴിയൂ. |

സെക്ഷൻ ഓഫീസർ